## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

'അവർക്കായി നമുക്ക് വാങ്ങാം' പദ്ധതി

പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, സംസ്ഥാന വിനോദസഞ്ചാര വകുപ്പ് സംഘടിപ്പിക്കുന്ന ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സീസൺ 9, കഴിഞ്ഞ ദിവസം ബഹുമാന്യനായ മുഖ്യമന്ത്രി കൊല്ലത്ത് ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി. 46 ദിവസം നീണ്ടുനിൽക്കുന്ന ഈ വ്യാപാര മേളയിൽ എല്ലാം വ്യാപാര സംഘടനകളും സഹകരിക്കുന്നുണ്ട്. പരമ്പരാഗത കരകൗശല മേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകി സംഘടിപ്പിക്കുന്ന ഇത്തവണത്തെ ഫെസ്റ്റിവലിൽ കോഴിക്കോട് ഇരിങ്ങലിൽ സർഗ്ഗാലയ ഇരിങ്ങൽ ഇന്റർനാഷണൽ ക്രാഫ്റ്റ് ഫെസ്റ്റിവൽ മേളയും ചവറയിൽ ദേശീയ കരകൗശലോത്സവും സംഘടിപ്പിക്കുന്നതോടൊപ്പം സംസ്ഥാനത്താദ്യമായി കരകൗശല ശിൽപികൾക്ക് അവാർഡുകളും ഏർപ്പെടുത്തിയിട്ടുണ്ട്. ഷോപ്പിംഗ് ഫെസ്റ്റിവലിൽ ഇത്തവണ ആദ്യമായി 'അവർക്കായ് നമുക്ക് വാങ്ങാം' എന്ന പുതിയ പദ്ധതി നടപ്പിലാക്കുന്നുണ്ട്. നമുക്ക് ചുറ്റുമുള്ള അനാഥർ, അഗതികൾ, ആലംബഹീനർ, സാമ്പത്തിക-ശാരീരിക-മാനസിക പരിമിതിയുള്ളവരും അവരെ പരിചരിക്കുന്ന

സ്ഥാപനങ്ങളെയുംകൂടി സഹായിക്കാൻ ലക്ഷ്യമിട്ടുകൊണ്ടാണ് 'അവർക്കായ് നമുക്ക് വാങ്ങാം' പദ്ധതി നടപ്പിലാക്കുന്നത്. നമുക്ക് ഉത്സവകാലങ്ങളിലും ഷോപ്പിംഗ് സീസണുകളിലും ഇഷ്ടാനുസരണം ഒട്ടേറെ വസ്തുക്കൾ വാങ്ങാറുണ്ട്. ആ സന്തോഷത്തോടൊപ്പം ഇങ്ങനെ വാങ്ങാൻ കഴിയാത്തവർക്കുകൂടി എന്തെങ്കിലുമൊന്ന് വാങ്ങി നൽകി അവർക്കുണ്ടാകുന്ന സന്തോഷത്തിൽ നമ്മളും പങ്കുചേരുന്നുവെന്നതാണ് ഇതിന്റെ മുഖ്യലക്ഷ്യം. ഈ കരുതലിന്റെ സന്ദേശം എല്ലാവരിലേയ്ക്കും എത്തിക്കുന്നതിനുള്ള പ്രചരണ-സംഘാടന പ്രവർത്തനങ്ങൾക്ക് ജി.കെ.എസ്.എഫ്. നേതൃത്വം നൽകുന്നുണ്ട്. 'അവർക്കായി നമുക്ക് വാങ്ങാം' പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം രാജ്ഭവനിൽ വച്ച് ബഹുമാന്യനായ കേരളാ ഗവർണർ ശ്രീ. ജസ്റ്റിസ് പി. സദാശിവം, കുട്ടികൾക്ക് കുഞ്ഞുടുപ്പ് വാങ്ങി നൽകി നിർവ്വഹിക്കുകയുണ്ടായി. അദ്ദേഹം വാങ്ങി നൽകിയ കുഞ്ഞുടുപ്പുകൾ രക്താർബ്ബുദം പോലെ മാരകമായ അസുഖം ബാധിച്ച കുട്ടികൾക്കായി തൃശ്ശൂർ ജില്ല ആസ്ഥാനമായി പ്രവർത്തിക്കുന്ന സോളസ് എന്ന സംഘടനയ്ക്ക് ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി കൊല്ലത്ത് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സീസൺ 9-ന്റെ ഉദ്ഘാടന വേദിയിൽവച്ച് കൈമാറുകയുണ്ടായി. മറ്റു പല വ്യക്തികളും സാമൂഹിക സംഘടനകളും ഈ സാമൂഹിക സേവന ദൗത്യത്തിന് പങ്കാളികളാകാൻ തയ്യാറായി വന്നിട്ടുണ്ട്. എല്ലാ

ബഹുമാന്യരായ നിയമസഭാ സാമാജികരും ഇതിൽ പങ്കാളികളാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.